LIBRARY ARCHIVES Kerala Legislative Assembly

എയ്ഡഡ് സ്കൂളുകളിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾ

9 (5073) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഈ വർഷം ഒന്നാം ക്ലാസിൽ ആകെ എത്ര കുട്ടികൾ പ്രവേശനം നേടിയെന്നാണ് സർക്കാർ കണക്കാക്കുന്നതെന്നും ഇതിൽ സർക്കാർ എയിഡഡ് സ്കൂളുകളിൽ എത്ര വിദ്യാർത്ഥികൾക്ക് പ്രവേശനം ലഭിച്ചുവെന്നും വെളിപ്പെടുത്തുമോ ;

(ബി) പുതുതായി ഒന്നാം ക്ലാസിൽ പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ ഉൾപ്പെടെ എന്തെല്ലാം സൗകര്യങ്ങൾ സർക്കാർ നൽകുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) മുൻവർഷത്തിൽ നിന്നും ഈ വർഷം സർക്കാർ എയ്ഡഡ് സ്കൂളുകളിൽ പ്രവേശനം നേടിയ വിദ്യാർത്ഥികളിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്ര ശതമാനം വിദ്യാർത്ഥികൾ വർദ്ധിച്ചുവെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 2015-16 അദ്ധ്യയന വർഷത്തിൽ ആകെ 253606 കുട്ടികൾ ഒന്നാം ക്ലാസ്സിൽ പ്രവേശനം നേടി. ഇതിൽ സർക്കാർ മേഖല-91231, എയ്ഡഡ് മേഖല-162375.

(ബി) ഒന്നു മുതൽ എട്ട് വരെയുള്ള ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്ക് പാഠപുസ്തകം, യൂണിഫോം, ഉച്ചഭക്ഷണം ഇവ സൗജന്യമായി നൽകിവരുന്നുണ്ട്.

(സി) 2015-16 അദ്ധ്യയന വർഷം സർക്കാർ സ്കൂളുകളിൽ തൊട്ടുവർഷത്തെ അപേക്ഷിച്ച് ഒന്നാം ക്ലാസ്സിൽ 702 കുട്ടികൾ വർദ്ധിച്ചു. അതായത് വർദ്ധനവ് 0.78%. എന്നാൽ എയ്ഡഡ് വിഭാഗത്തിൽ മുൻ വർഷത്തെ അപേക്ഷിച്ച് 1739 കുട്ടികളുടെ കുറവ് ഒന്നാം ക്ലാസ്സ് പ്രവേശനത്തിലുണ്ട്.

കോന്നിയിൽ നിന്നും കാണാതായ വിദ്യാർത്ഥിനികളുടെ ദുരൂഹമരണം

10 (5074) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പത്തനംതിട്ട ജില്ലയിലെ കോന്നിയിൽനിന്നും കാണാതായ വിദ്യാർത്ഥിനികളിൽ രണ്ടുപേർ ദുരൂഹ സാഹചര്യത്തിൽ മരണപ്പെട്ടവിവരം വിദ്യാഭ്യാസ വകുപ്പിന്റെ ശ്രദ്ധയിൽ വന്നിട്ടുണ്ടോ ;